കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നാവായിക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.9/2035/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 20.10.2017

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നാവായിക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നാവായിക്കുളം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

4) സ്പെയർ

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.9/2035/2017 തീയതി : 20.10.2017

<u>തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.10.2016 മുതൽ 31.03.2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ .എ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22-09-2017 മുതൽ 28-09-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.സിന്ധു പി.എസ് | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ശ്യാമപ്രിയ എസ്.എസ് | സീ.ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.പി.കെ വിനുകുമാർ<br>ശ്രീ.ശരത് ജെ ശങ്കർ | ഓഡിറ്റർ<br>ഓഡിറ്റർ |

| | | |
|---|---|---|
| | | |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : : ശ്രീ. കെ തമ്പി 01.04.16മുതൽ 31.03.17 വരെ

സെക്രട്ടറി : ശ്രീമതി. ഷീജ മോൾ 01.04.16മുതൽ 28.07.16 വരെ

: ശ്രീമതി.അരുണപ്രഭ എ.ആർ 28.07.16മുതൽ 15.12.16 വരെ

: ശ്രീ. ബിന്ദുരാജ് എം.കെ 16.12.16മുതൽ 20.12.16 വരെ

: ശ്രീ.ജയദേവൻ 21.12.10 മുതൽ 27.12.16 വരെ

(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്)

: ശ്രീ.സുദർശൻ.റ്റി 28.12.16മുതൽ 31.03.17 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | അസി. സെക്രട്ടറി | ശ്രീ ജയദേവൻ<br>ശ്രീ.എസ്സ് ബാലാനന്ദൻ | 01.04.16മുതൽ 29.12.16 വരെ<br>16.01.17മുതൽ 31.03.17 വരെ |
| 2 | ഐ. സി .ഡി .എസ് സൂപ്പർവൈസർ | ശ്രീമതി തങ്കമണി. എസ് | 01.04.16മുതൽ 31.03.17 വരെ |
| 3 | അസി. എഞ്ചിനീയർ | ശ്രീമതിവിജി വി | 01.04.16മുതൽ 31.03.17 വരെ |
| 4 | വി .ഇ .ഒ<br>(എ സർക്കിൾ) | ശ്രീ ഷാജികുമാർ | 01.04.16മുതൽ 24.10.16 വരെ |
| | | ശ്രീ ബിനു. | 24.10.16മുതൽ 31.03.17 വരെ |
| | വി .ഇ .ഒ<br>(ബി സർക്കിൾ) | ശ്രീ ഷിബു | 01.04.16മുതൽ 31.03.17 വരെ |
| 5 | എം.ഒ (ആയുർവേദം) | ഡോ. സലീന | 01.04.16മുതൽ 31.03.17 വരെ |

| | | | |
|---|---|---|---|
| 6 | എം .ഒ (ഹോമിയോ) | ഡോ. രാജീവ് അബ്രഹാം | 01.04.16മുതൽ 31.03.17 വരെ |
| 7 | എം.ഒ (പി.എച്ച്.സി ) | ഡോ. ഫസീല | 01.04.16മുതൽ 31.03.17 വരെ |
| 8 | വെറ്റിനറി സർജൻ | ഡോ.സുരേഷ് കുമാർ | 01.04.16 മുതൽ 21.09.16 വരെ |
| | | ഡോ.അഭിറാം | 22.09.16 മുതൽ 31.3.17 വരെ |
| 9 | കൃഷി ഓഫീസർ | ശ്രീ ഷിബുകുമാർ | 01.04.16മുതൽ 31.03.17 വരെ |
| 10 | ഹെഡ്മാസ്റ്റർ | ശ്രീ ഇല്ല്യാസ് എ | 01.04.16മുതൽ 31.03.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ചതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തികവിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതിഅവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റുഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | ഡി ആന്റ് ഓ ലൈസൻസ് പുതുക്കാൻ നടപടിയില്ല | 2-1 | |
| 13 | തൊഴിൽനികുതി /സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 2-2 | |
| 14 | നിബന്ധനകൾക്ക് വിരുദ്ധമായി ലേലം അംഗീകരിച്ച, 1,98,222/- രൂപയുടെ നഷ്ടം | 2-3 | |
| 15 | ലേലം - പൊതു അപാകതകൾ | 2-4 | |
| 16 | സ്റ്റാൾ - വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല | 2-5 | |
| 17 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-6 | |
| 18 | അധിക പെർമിറ്റ് ഫീസ് ഈടാക്കുന്നു. | 2-7 | |
| 19 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-8 | |
| 20 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയില്ല | 2-9 | |
| | ഭാഗം - 3 | | |
| 21 | അർഹതയില്ലാവർക്ക് ആനുകൂല്യം നൽകി 35955/- രൂപ നിരാകരിക്കുന്നു. 31960/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 | |

| | | | |
|---|---|---|---|
| 22 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ആനുകൂല്യം നൽകി. 2,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-2 | |
| 23 | വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 | |
| 24 | ചെലവ് ശുഷ്കം | 3-4 | |
| 25 | ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടില്ല | 3-5 | |
| 26 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി-വികസനഫണ്ട് വിനിയോഗിച്ചിട്ടില്ല | 3-6 | |
| 27 | വിമുക്തി പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിച്ചിട്ടില്ല | 3-7 | |
| 28 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ<br>വാങ്ങി നൽകൽ -പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-8 | |
| 29 | സാന്ത്വന പരിചരണത്തിന് ജനങ്ങളുടെ കൈത്താങ്ങ്.<br>പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-9 | |
| 30 | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ. അപാകതകൾ | 3-10 | |
| 31 | സാന്ത്വന പരിചരണം മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-11 | |
| 32 | ഹോമിയോആശുപത്രിക്ക് മരുന്നു വാങ്ങൽ- 160665/-<br>രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-12 | |

| | | | |
|---|---|---|---|
| 33 | ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ - 3570/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-13 | |
| 34 | വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-14 | |
| | ഭാഗം - 4 | | |
| 35 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃതഓഡിറ്റ്റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04-03-2016തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 238965382/-രൂപ വരവും 234339550/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 92134382/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 52641154/-രൂപയുമാണ്. ( റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | - | - |

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി – 29726340

വരവ് – 62408042

ആകെ – 92134382

ചെലവ് – 52641154

നീക്കിബാക്കി – 39493228

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | വികസനഫണ്ട് (ജനറൽ) | - | 14512389 | 14512389 | 14512389 | - |
| 2 | വികസനഫണ്ട് (SCP) | - | 8342477 | 8342477 | 8342477 | - |
| 3 | വികസനഫണ്ട് (TSP) | - | 71715 | 71715 | 71715 | - |
| 4 | K.L.G.S.D.P ഗ്രാന്റ് | - | 2002121 | 2002121 | 2002121 | - |
| 5 | CFC ഗ്രാന്റ് | - | 4538746 | 4538746 | 4538746 | |
| 6 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 3796734 | 3796734 | 3796734 | - |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 650072 | 650072 | 650072 | - |
| 8 | എം.ജി.എൻ.ആർ ഇ.ജി.എസ് | 6472 | 1140412 | 1146884 | 1145051.50 | 1832.50 |
| 9 | TSBഅക്കൗണ്ട് | 22620637 | 12885849 | 35506486 | 8357503 | 27148983 |
| 10 | ബി ഫണ്ട് | - | 820948 | 820948 | 820948 | - |
| 11 | IOB-തനതുഫണ്ട് | 6278791 | 13157799 | 19436590 | 7279904 | 12156686 |

| | | | | | | |
|---|---|---|---|---|---|---|
| 12 | D.C.B തനതുഫണ്ട് | 50799 | 29969 | 80768 | - | 80768 |
| 13 | സാക്ഷരത | 109692 | - | 109692 | 109692 | - |
| 14 | ട്രഷറി സ്പെഷ്യൽ TSB Joint venture | - | 405800 | 405800 | 353852 | 51948 |
| 15 | കയ്യിരിപ്പ് പണം | 659949 | 53011 | 712960 | 659949 | 53011 |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള വരവിനങ്ങളെ സംബന്ധിച്ച രജിസ്റ്ററുകളിലെ ഡിസിബി തുകകൾ ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

ഉദാ:തൊഴിൽ നികുതി (സ്ഥാപനങ്ങൾ )

| | ഡിമാന്റ് | വരവ് | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 305080 | 271080 | 34000 |
| AFS പ്രകാരം | 305080 | 308790 | 20300 |

എല്ലാ വരവിനങ്ങളിലെയും ഡിസിബി കൃത്യമായി കണക്കാക്കിയിട്ടില്ല.

2) സ്ഥാപനത്തിലെ രേഖകൾ പ്രകാരം ഇ.എം.എസ് ലോൺ തിരിച്ചടവ് തൻവർഷം 3382863/- ആണ്.ധനകാര്യ പത്രിക പ്രകാരം ടി തുക 2503525/-ആണ്.

3) 2015-16ലെ ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ നീക്കിയിരുപ്പ് 414747228/-ആണ് . എന്നാൽ തൻ വർഷത്തെ ധനകാര്യ പത്രികയിലെ മുന്നിരിപ്പ് 78383678/-ആണ് .

4) ആസ്തി/സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

5) RP-47 പ്രകാരം 1222382/- ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റിൽ വിവിധ പ്രവർത്തികർക്കായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് .എന്നാൽ B-8 പ്രകാരം ഡെപോസിറ് വർക്കുകളൊന്നുമില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് .

6) B-4 ഷെഡ്യൂൾ പ്രകാരം ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 62995/- ശേഷിക്കുന്നു. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾ പരിശോധിച്ചതിൽ ഇത്തരത്തിലൊരു തുക നീക്കിയിരിപ്പില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 82618579 | 24 | 36862797 | 77 | 92 | 12.44 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| വിനോദനികുതി | 4292 | 1920 | -2372 |
| തൊഴിൽനികുതി | 1212590 | 1282640 | 70050 |
| കെട്ടിടനികുതി | 2516871 | 4243933 | 1727062 |
| പരസ്യനികുതി | 33000 | 36645 | 3645 |

| നികുതിയേതരവരവുകൾ | | | |
|---|---|---|---|
| ലേലം | 2115811 | 1288797 | - 827014 |
| ഷോപ്പിംഗ് കോംപ്ലക്സ് | 87430 | 107360 | 19930 |
| ഡി&ഒ | 65300 | 167300 | 102000 |
| മറ്റുവരവുകൾ | 661190 | 375748 | - 285442 |
| ആകെ | 6696484 | 7504343 | 807859 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 547800 | 312 |
| കർഷകതൊഴിലാളി പെൻഷൻ | 2879690 | 1189 |
| വിധവാ പെൻഷൻ | 15001510 | 5916 |
| വാർദ്ധക്യകാലപെൻഷൻ | 33550825 | 10960 |
| വികലാംഗ പെൻഷൻ | 3340470 | 1351 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 161400 | 58 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7853/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ലേല നടപടി ക്രമങ്ങൾ പാലിക്കുന്നതിലും ട്രേഡ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നതിലും ശ്രദ്ധ പുലർത്തിയിട്ടില്ല.

വിവിധ പദ്ധതികളുടെ നടത്തിപ്പുമായും ലേലങ്ങളുമായും ബന്ധപ്പെട്ട് കരാർ വയ്ക്കുന്നതിനായി കരാറുകാർ മുദ്രപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയവയിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഇത് തടസ്സമാകുമെന്നതിനാൽ ഭാവിയിൽ ഈ പതിവ് ഒഴിവാക്കേണ്ടതാണ്.

ഭവനനിർമ്മാണം/പുനരുദ്ധാരണം മുതലായ പദ്ധതികൾക്ക് ധനസഹായം നൽകുമ്പോൾ വാല്യവേഷൻ സർട്ടിഫിക്കറ്റ്, സ്റ്റേജ് സർട്ടിഫിക്കറ്റ് തുടങ്ങി ആവശ്യമായ രേഖകളൊന്നും ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. ചെയ്ത പ്രവൃത്തികൾ എന്തൊക്കെ, വാങ്ങിയ സാധനങ്ങൾ, അവയ്ക്ക് ചെലവായ തുക ഒന്നും വ്യക്തമല്ല.

എല്ലാ പദ്ധതികൾക്കും 'പ്രസ്തുത പദ്ധതിയുടെ ആനുകൂല്യത്തിന് ഈ ഗുണഭോക്താവ് അർഹനാണ് ' എന്ന് മാത്രമാണ് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് നൽകിയിട്ടുള്ളത്. മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിൽ (IOB-07650 2000000064) 1069/-

31.03.2017-ൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക തനത്ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ധനകാര്യപത്രിക B-18 ഷെഡ്യൂൾ പ്രകാരം ഉത്സവബത്ത 24000/-, നിർവ്വഹണോദ്യോഗസ്ഥയ്ക്കുള്ള മുൻകൂർ 635022/- മറ്റു മുൻകൂറുകൾ 13800/- എന്നിവ ക്രമീകരിക്കാതെ ശേഷിക്കുന്നു. ആയവ ക്രമീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11.08.2017 | 10/2017 | ലഭിച്ചില്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 13.07.2017 | 2013-14 മുതൽ 2016-17 വരെ | 25.08.17 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഓ ലൈസൻസ് പുതുക്കാൻ നടപടിയില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ(റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3പ്രകാരമുള്ള ട്രേഡേഴ്സ് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കിയാണ് നിലവിൽ ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2016-17 വർഷം ഡി ആന്റ ഓ ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | സ്ഥാപന ഉടമയുടെ വിവരം | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | II | അബ്ദുൾ ജലീൽ, തോളൂർ | സ്റ്റേഷനറി കട |
| 2 | II | ഇസ്മയിൽ,തോളൂർ | സ്റ്റേഷനറികട |
| 3 | II | ഷാക്കീർ, പലവക്കോട് | ബേക്കറി |
| 4 | II | അബ്ദുൽമജീദ്, കിഴക്കനേല | വസ്ത്രോൽ കട |
| 5 | II | മുഹമ്മദ് ഇസ്മയിൽ, തോളൂർ | പൗൾട്രിഫാം |
| 6 | II | റസീന, തോളൂർ | പച്ചക്കറി കട |
| 7 | II | ഉദയകുമാർ,പലവക്കോട് | തയ്യൽക്കട |
| 8 | II | നീതു, കിഴക്കനേല | സ്റ്റേഷനറികട |
| 9 | II | രാജേഷ്, കിഴക്കനേല | വർക്ക്ഷോപ്പ് |
| 10 | II | അൻസാരി, കിഴക്കനേല | സ്റ്റേഷനറികട |
| 11 | II | ഷഹനാസ് കിഴക്കനേല | സ്റ്റേഷനറികട |
| 12 | II | സതീശൻ, പാലച്ചിറ | വെൽഡിംഗ് വർക്ക് |
| 13 | II | ഇസ്മായിൽ, തോളൂർ | സ്റ്റേഷനറികട |
| 14 | VII | സാബു, മടന്തപ്പച്ച | സ്റ്റേഷനറി കട |
| 15 | VII | അബ്ദുൽസമദ്, വൈരമല | പലചരക്ക് വ്യാപാരം |
| 16 | VII | നാസറുദ്ദീൻ, മരുതിക്കുന്ന് | ഫാബ്രിക്കേഷൻ |

| | | | |
|---|---|---|---|
| 17 | VII | ഷറഫുദ്ദീൻ, വെള്ളൂർക്കോണം | റൈസ് മിൽ |
| 18 | VI | സാജു മരുതിക്കുന്ന് | പച്ചക്കറി കട |
| 19 | VII | അബ്ദുൽറഹിമാൻ, മരുതിക്കുന്ന് | റബ്ബർ കട |
| 20 | VII | മുഹമ്മദ് റഷീദ്, മരുതിക്കുന്ന് | റൈസ് മിൽ |
| 21 | VII | ബഷീർ ,മരുതിക്കുന്ന് | പലചരക്ക് |
| 22 | VII | സുരേന്ദ്രൻ ,വെള്ളൂർക്കോണം | സ്റ്റേഷനറി കട |
| 23 | VII | ശിവപ്രസാദ്, കുടവൂർ | തയ്യൽക്കട |
| 24 | VII | സലാഹുദ്ദീൻ, കുടവൂർ | സ്റ്റേഷനറി കട |
| 25 | VII | ഗിരീശൻ, മരുതിക്കുന്ന് | സ്റ്റേഷനറി കട |
| 26 | VII | ഷാജി , ഐരമൺകര | സ്റ്റേഷനറി കട |
| 27 | XVIII | വഹാബുദ്ദീൻ, കുറ്റിച്ചിറ | പലചരക്ക് |
| 28 | XXI | അബ്ദുൽസമദ്, കിഴക്കനേല | സ്റ്റേഷനറികട |
| 29 | XXI | രവീന്ദ്രൻ നായർ, കിഴക്കനേല | കാഷ്യുഫാക്ടറി |
| 30 | XXI | പ്രകാശ്, കിഴക്കനേല | തടിപ്പൊടി നിർമ്മാണം |
| 31 | XXI | റസിയ ബീവി,വെട്ടിയറ | സ്റ്റേഷനറികട |
| 32 | XXI | ഷാമില, നാവായിക്കുളം | പലചരക്ക് വ്യാപാരം |
| 33 | XXI | പത്മാസനക്കുറുപ്പ്,വെട്ടിയറ | സ്റ്റേഷനറി കട |
| 34 | XXI | സന്ദീപ് കുമാർ,കടമ്പാട്ടുകോണം | പലചരക്ക് വ്യാപാരം |
| 35 | XXI | ജനാർദ്ധനൻ, വെട്ടിയറ | പച്ചക്കറി കട |
| 36 | XXI | ശിശുപാലൻ, വെട്ടിയറ | സ്റ്റേഷനറി കട |
| 37 | XXI | അശോകൻ, വെട്ടിയറ | ചായക്കട |
| 38 | XXII | പ്രതീപ്, വെള്ളൂർക്കോണം | ഫാബ്രിക്കേഷൻ |

ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നതിനും മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി /സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്.

എ) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| a) | വിവേകാനന്ദ പബ്ലിക് സ്കൂൾ | - | I&IIഅർദ്ധവർഷം |
| b) | സ്നേഹ ഹോസ്പിറ്റൽ | - | I&IIഅർദ്ധവർഷം |
| c) | അസലിയ ഗ്രാന്റ് റസ്റ്റോറന്റ് | - | I&IIഅർദ്ധവർഷം |
| d) | ഡബ്ളൂൺ റസ്റ്റോറന്റ് | - | I&IIഅർദ്ധവർഷം |
| e) | ജാഗി ആഡിറ്റോറിയം | - | I&IIഅർദ്ധവർഷം |
| f) | ദേവസ്വം ബോർഡ് | - | IIഅർദ്ധവർഷം |
| g) | രാജ് സിനി ഹൗസ് | - | IIഅർദ്ധവർഷം |
| h) | മനോജ് ആഡിറ്റോറിയം | - | I&IIഅർദ്ധവർഷം |
| i) | ജാഗി ഗോൾഡ് ഇൻഡസ്ട്രീസ് | - | I&IIഅർദ്ധവർഷം |
| j) | ഹോട്ടൽ ന്യൂ ഇന്ദ്രപ്രസ്ഥ | - | I&IIഅർദ്ധവർഷം |

ബി) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| a) | പ്രതാപ് കാഷ്യൂ | | I&IIഅർദ്ധവർഷം |
| b) | എസ്.എൻ കാഷ്യൂ | - | I&IIഅർദ്ധവർഷം |
| c) | ജാഗി ആഡിറ്റോറിയം | - | I&IIഅർദ്ധവർഷം |
| d) | രാജ് സിനി ഹൗസ് | - | IIഅർദ്ധവർഷം |
| e) | മനോജ് ആഡിറ്റോറിയം | - | I&IIഅർദ്ധവർഷം |

സി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.08.2017 തീയതിയിലെ സി1-7584/17നമ്പർ കത്ത് പ്രകാരം റേഷൻകടകളിൽ നിന്നും തൊഴിൽനികുതി/സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽനിന്നും 2016-17വർഷം തൊഴിൽനികുതി/ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22)ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. തൊഴിൽ നികുതി/സ്ഥാപനതൊഴിൽ നികുതി എന്നിവ കുടിശ്ശികസഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 നിബന്ധനകൾക്ക് വിരുദ്ധമായി ലേലം അംഗീകരിച്ചു.1,98,222/- രൂപയുടെ നഷ്ടം

അംഗീകൃത അറവുശാലകളിൽനിന്നും കൊണ്ടുവരുന്ന മാട്ടിറച്ചി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിപണനം നടത്തുന്നതിനായി 2016-17 വർഷത്തേക്ക് ലേലം ചെയ്തതിൽ 198222/- രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. വിശദ വിവരം ചുവടെചേർക്കുന്നു.

| ലേല ഇനം | ലേലം പിടിച്ച വ്യക്തി | ലേല തുക | ഒടുക്കിയത് | ബാക്കി |
|---|---|---|---|---|
| മാട്ടിറച്ചി ലേലം | ശ്രീ.രാജൻ, മുഞ്ഞമൂട്തോപ്പ് വടക്കേഅരയത്തുരുത്തി , ചിറയിൻകീഴ് | 4,44,444/- | 2,46,222/- | 1,98,222/- |

മാട്ടിറച്ചിവിപണത്തിനായി 16.03.2016തീയതിയിൽ നടന്ന ലേലത്തിൽ ആരും പങ്കെടുക്കാത്തതിനെത്തുടർന്ന 30.03.2016തീയതിൽ പുനർലേലം(കൊട്ടേഷൻ) നടത്തുകയും ഏറ്റവും കുറഞ്ഞ കൊട്ടേഷൻ സമർപ്പിച്ച മേൽ വ്യക്തിക്ക് 444444/-രൂപയ്ക്ക് അത് അംഗീകരിച്ചു നൽകുകയും ചെയ്തു. EMD 14000/-രൂപയും (11503106172/31.03.16) ആദ്യ ഗഡു തുകയായി 222222/-രൂപയും (11603100133/05.04.16) രണ്ടാം ഗഡു തുകയായി 10000/-രൂപയും (11603100134/05.04.16), ഉൾപ്പെടെ ആകെ 246222/-രൂപ മാത്രമേ ടിയാൻ നാളിതുവരെയും ഒടുക്കിയിട്ടുള്ളൂ.

ലേല നിബന്ധന പ്രകാരം താൽക്കാലികമായി ലേലം സ്ഥിരപ്പെടുത്തിയാൽ ലേല തുകയുടെ ഒന്നാം പകുതി തുക അപ്പോൾ തന്നെ ഒടുക്കുകയും, പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാലുടൻ മുഴുവൻ തുകയും ഒന്നിച്ച് ഒടുക്കേണ്ടതുമാണ്.ലേലം അന്തിമമായി അംഗീകരിച്ച് ഏഴു ദിവസത്തിനകം 200 രൂപ മുദ്രപത്രത്തിൽ കരാർ ഉടമ്പടി വയ്ക്കേണ്ടതും, തവണകൾ ആവശ്യമുണ്ടെങ്കിൽ ലേല തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതുമാണ്. എന്നാൽ ലേല ഡയറിയിലും അനുബന്ധ രേഖകളിലും ലേലം/ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത്കമ്മിറ്റി തീരുമാനം,സെക്രട്ടറിയുടെ ഒപ്പ് ഇ.എം.ഡി ഒടുക്കിയത് സംബന്ധിച്ച വിവരം, എന്നിവ രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ ലേലം ഉറപ്പിച്ച മേൽ വ്യക്തി, ലേല നിബന്ധന പ്രകാരം കരാർ ചമയ്ക്കുകയോ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

നിബന്ധനകൾക്ക് വിരുദ്ധമായി ലേലം അനുവദിച്ചു നൽകിയതിലൂടെ പഞ്ചായത്തിന് 1,98,222/-

രൂപയുടെ നഷ്ടം സംഭവിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20ന്) മറുപടി ലഭ്യമാക്കിയില്ല. ലേല കുടിശ്ശിക 18 % പിഴപ്പലിശസഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലേലം -പൊതു അപാകതകൾ

2016-17 വർഷത്തേക്ക് നടപ്പാക്കിയ വിവിധ ലേലങ്ങളുടെ ലേല ഡയറിയിലും അനുബന്ധ രേഖകളിലും ലേലം/ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത്കമ്മിറ്റി തീരുമാനം,സെക്രട്ടറിയുടെ ഒപ്പ് ഇ.എം.ഡി ഒടുക്കിയത് സംബന്ധിച്ച വിവരം, എന്നിവ രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ ലേലം ഉറപ്പിച്ച വ്യക്തികളിൽ നിന്ന് ലേല നിബന്ധന പ്രകാരമുള്ള സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുകയോ, കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. നിബന്ധനകൾക്ക് വിരുദ്ധമായി ലേലം അംഗീകരിച്ച് നൽകിയതിലൂടെ ലേല നടപടിക്രമങ്ങളിലെ സുതാര്യത ഉറപ്പാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ലേല നിബന്ധനകൾ നടപ്പാക്കുന്നതിലും രേഖകൾ പരിപാലിക്കുന്നതിലും പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ അനിവാര്യമാണ്.

## 2-5 സ്റ്റാൾ -വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല

ചുവടെപ്പറയുന്ന വ്യക്തികളിൽ നിന്നും 2016-17 വർഷം സ്റ്റാൾ വാടക കുടിശ്ശിക ഈടാക്കുവാനുണ്ട്.

| ക്രമ നം. | സ്റ്റാൾ | പേര്, വിലാസം | വാടക കുടിശ്ശിക | കാലയളവ് |
|---|---|---|---|---|
| 01 | സ്റ്റാൾ XI, 28-ാം മൈൽ | ശ്രീമതി.സിനിമോൾ, വെട്ടിയറ | 3300/- | 04/2016 മുതൽ 03/2017 വരെ |
| 02 | സ്റ്റാൾX, നാവായിക്കുളം | ശ്രു.രാജേഷ്, നാവായിക്കുളം | 1400/- | 11/2016 മുതൽ 03/2017 വരെ |
| | | ആകെ | 4700/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21 ന്) ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല

ജി.ഒ(എം.എസ്)നം.113/2009/ത.സ്വഭ.വ,തീയതി.02/01/2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്. 1-04-2013 ൽ പ്രാബല്യത്തിൽ വന്ന ജി.ഒ (ആർ.ടി) 19/2011 /ത.സ്വ.ഭ.വ, തീയതി. 14-01-2011 പ്രകാരം മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ചതുരശ്ര മീറ്ററിന് 400 രൂപ മുതൽ 500 രൂപ വരെയാണ്. എന്നാൽ പഞ്ചായത്തു പരിധിയിൽപ്രവർത്തിക്കുന്ന താഴെ പറയുന്ന ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/ടവർ നമ്പർ | ടവറിന്റെ വിവരം | കാലയളവ് | ഡിമാന്റ്പ്രകാരം ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | XIII/509 | ഭാരതി എയർടെൽ ലിമിറ്റഡ് | 2015-16മുതൽ 2016-17 വരെ | 32832/- |
| 2 | XIV/740 | റിലയൻസ് ടവർ | 2013-14മുതൽ 2016-17വരെ | 20880/- |
| | | | ആകെ | 53712/- |

പ്രസ്തുത മൊബൈൽ സേവന ദാതാക്കളിൽ നിന്നും വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 അധിക പെർമിറ്റ് ഫീസ്ഈടാക്കുന്നു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്ത് വില്ലേജ് II കാറ്റഗറിയിലാണ് ഉൾപ്പെടുന്നത്. വാസ ഗൃഹങ്ങൾക്ക് ചതുരശ്ര മീറ്ററിന് മൂന്ന് രൂപ നിരക്കിലും(ഗ്രൂപ്പ് A1) മറ്റുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 5 രൂപയുമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ യഥാക്രമം അഞ്ച് , ഏഴ് രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്. ആയതിനാൽ ഭാവിയിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളു .

## 2-8 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ50260/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28.09.13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | 61/16-17 | കുടവൂർ അംഗനവാടി നം.61 നിർമ്മാണം | 5250 | 11 | 57750 |
| 2 | 69/16-17 | മാവേലി നഗർ അംഗനവാടി നം.69 നിർമ്മാണം | 5250 | 6 | 31500 |
| 3 | 123/17 | തോല്പൂർ ഇടപ്പന റോഡ് കോൺക്രീറ്റിംഗ് | 1050 | 2 | 2100 |
| 4 | 125/17 | പുന്നോട് കുന്നിൻചെരുവിൽ റോഡ് കോൺക്രീറ്റിംഗ് | 1050 | 2 | 2100 |
| 5 | 127/17 | ഉദയഗിരി കണ്ണംകോണം റോഡ് കോൺക്രീറ്റിംഗ് | 1050 | 2 | 2100 |
| 6 | 131/17 | കല്ലമ്പലം പുലിവേലിക്കോണം റോഡ് കോൺക്രീറ്റിംഗ് | 1050 | 3 | 3150 |

| | | | | | |
|---|---|---|---|---|---|
| 7 | 86/17 | 28-ാം മൈൽ മാർക്കറ്റ് നവീകരണം | 1050 | 1 | 1050 |
| 8 | 110/17 | തൈക്കാവുമുക്ക് വട്ടക്കോണം റോഡ് റീടാറിംഗ് | 1050 | 1 | 1050 |
| 9 | 126/17 | വെള്ളൂർക്കോണം ഏലഞ്ചുർ റോഡ് ടാറിംഗ് | 1050 | 1 | 1050 |
| 10 | 86/17 | 28-ാം മൈൽ മാർക്കറ്റ് നവീകരണം | 1050 | 2 | 2100 |
| ആകെ | | | | | 103950 |

മേൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 52137/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3 (3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 521/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയാകും .ഇത്തരത്തിൽ കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അർഹതയില്ലാത്തവർക്കു ആനുകൂല്യം നൽകി 35955/- രൂപ നിരാകരിക്കുന്നു. 31960/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നം. | - | SOO48/17 |
| പ്രോജക്ടിന്റെ പേര് | - | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ കസേര വാങ്ങൽ |
| ബിൽ നം. /തീ | - | 35/17 /31.03.17 |
| അടങ്കൽ | - | 800000/-രൂപ |
| ചെലവ് | - | 798999/-രൂപ |

നിർവഹണോദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ബന്ധപ്പെട്ട വിദ്യാലയങ്ങളിൽ നിന്നും അർഹരായ എല്ലാ പട്ടികജാതി വിദ്യാർത്ഥികളുടെയും ലിസ്റ്റ് വാങ്ങിയ ശേഷമാണ് പ്രസ്തുത പദ്ധതി പ്രകാരം മേശ, കസേര എന്നിവ വാങ്ങിയിട്ടുള്ളത്. എന്നാൽ ആയവ വിതരണം ചെയ്തപ്പോൾ ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത ചുവടെ പറയുന്ന 9 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു.

| അക്വിറ്റൻസ് ലിസ്റ്റിലെ ക്രമ നം. | പേര് |
|---|---|
| 48 | സോനാ. എസ്. |
| 49 | രോഹിണി. എ. |
| 79 | അഞ്ജു. പി. |
| 100 | സജിത എസ്. എസ് . |
| 103 | വിജയ ബി.എസ്. |
| 105 | വിദ്യ വി .ആർ. |
| 107 | അഖിൽ എ .എസ്. |
| 108 | ജയ് ഗോവിന്ദ്. |
| 109 | ജോയ് മോൻ.എസ് . |

അർഹതയില്ലാത്ത ടി ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യം 35955/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രസ്തുത പ്രോജക്ട് പ്രകാരം മേശ, കസേര എന്നിവ 200 എണ്ണം വീതമാണ് വാങ്ങിയത് .എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം 192 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് .ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എന്ക്വയറിക്ക (നം.32) ലഭിച്ച മറുപടിയിൽ, വാങ്ങിയ ഫർണിച്ചർ മുഴുവൻ വിതരണം ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. മതിയായ രേഖകളുടെ അഭാവത്തിൽ 31960/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 സർക്കാർ ഉത്തരവിന് വിരുദ്ധമായി ആനുകൂല്യം നൽകി 2,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം. - S0046/17

പ്രോജക്ടിന്റെ പേര് - പട്ടിക ജാതിയിലുള്ള വനിതകൾക്ക് ഭവന നിർമാണത്തിന് അധിക ധന സഹായം

ബിൽ നം /തീ - 33/17 /30.03.17

അടങ്കൽ - 400000/-

ചെലവ് - 200000/-

നിർവഹണോദ്യോഗസ്ഥൻ - അസി.സെക്രട്ടറി

സ.ഉ. (സാധാ) നം.1290/15/തസ്വഭവ തീ.02.05.15 പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിച്ചവരിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ഗഡുക്കൾക്കു പുതുക്കിയ നിരക്കിലുള്ള ആനുപാതിക വർദ്ധനവ് നല്കാനായാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി മുഖേന തൻ വർഷം ധന സഹായം ലഭിച്ച ചുവടെ പറയുന്ന 2 പേരും മുൻ കാലങ്ങളിൽ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളവരാണ്.

1) ശ്രീമതി. സജിത, കട്ടമലവീട് , ചിറ്റായികോഡ്

2) ശ്രീമതി. പ്രേമ.എൽ, പാലക്കൽ വീട് , ചാവർകോട്, വെട്ടിയറ പി.ഒ

എന്നാൽ ഈ വ്യക്തികളിൽ നിന്നും പുതിയ ഒരു എസ്റ്റിമേറ്റ് വാങ്ങി അധിക ധന സഹായം എന്ന നിലയ്ക്കാണ് ഒരു ലക്ഷം രൂപ വീതം നിർവഹണോദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. ഇത്തരത്തിൽ ക്രമവിരുദ്ധമായി നടത്തിയിട്ടുള്ള ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട ചെലവ് വിനിയോഗരേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | അടങ്കൽ തുക/ചെലവ് തുക | ബിൽ നം: /തീയതി | ഇനം | അപാകം |
|---|---|---|---|---|---|
| 1 | S0040/17<br>തെരുവ് വിളക്ക് വാങ്ങൽ | 800000/-<br>754633/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 40/11.03.17 | ചെലവ് തുക വിനിയോഗിച്ച്<br>യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ<br>നിന്നും തെരുവ് വിളക്കുപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. | വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല |
| 2 | S009/16-17 | 2,50,000/-<br>2,49,216/- | വികസനഫണ്ട്(ജനറൽ)<br>തനത് ഫണ്ട് | പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവുകൾക്കായി തുക ചെലവഴിച്ചു. | 87541/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല |

വിനിയോഗരേഖകൾ ഹാജരാക്കി 842174/ - രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 ചെലവ് ശൂഷ്കം

കൃഷി ഓഫീസർ നിർവഹണം നടത്തിയ 2 പ്രോജക്ടുകൾക്കായി അടങ്കൽ തുകയുടെ 10% ത്തിൽ താഴെ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ തുക | ചെലവ് തുക | ചെലവ് % (വി.ഫണ്ട്) | ബിൽ നം: / തീയതി | അപാകം |
|---|---|---|---|---|---|---|
| 1 | SO076/17<br>വാഴകൃഷി<br>(S.C) | 2,55,000/-<br>1,85,000/-<br>(വി.ഫ.ജനറൽ)<br>20000<br>(ഗുണഭോക്തൃ വിഹിതം)<br>50000<br>(സ്വയം വഹിക്കുന്നത്) | 10875/-<br>(വി.ഫ. SCP)<br>1125<br>(ഗുണഭോക്തൃ വിഹിതം) | 4.7 | 3/31.03.17 | വകയിരുത്തിയ തുകയുടെ 5.87% മാത്രമാണ് പ്രോജക്ടിനായി ചെലവഴിച്ചത്. |
| 2. | SO107/17<br>സമ്പൂർണ്ണ വൈദ്യുതീകരണം<br>പഞ്ചായത്ത് വിഹിതം നൽകൽ | 266000/-<br>199500/-<br>(വി.ഫ.SCP )<br>66500/-<br>(ഗുണഭോക്തൃ വിഹിതം) | 9000/-<br>(വി.ഫ. SCP)<br>3000/-<br>(ഗുണഭോക്തൃ വിഹിതം) | 4.5 | 6/31.03.17 | വകയിരുത്തിയ തുകയുടെ 4.5% മാത്രമാണ് പ്രോജക്ടിനായി ചെലവഴിച്ചത്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16ന്) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഫണ്ട് വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടില്ല

സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. പഞ്ചായത്തിൽ നിന്നുള്ള ന്യൂട്രിമിക്സ് സാമ്പിളുകൾ 'Technical Advisor ,Mnistry of Woman and Child Development -ൽ അയച്ചുകൊടുത്തുവെങ്കിലും (25.05.17) നാളിതുവരെയും ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. (അവലംബം ഓഡിറ്റ് എൻക്വയറി നം.23ന മറുപടി) ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കുട്ടികൾക്ക് നൽകുന്ന

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടത് നിർവഹണോദ്യോഗസ്ഥയുടെ ബാധ്യതയാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി- വികസനഫണ്ട് വിനിയോഗിച്ചിട്ടില്ല

1. പ്രോജക്റ്റ് നമ്പർ - SOO180/17

പേര് - ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി

അടങ്കൽ തുക - 311040/-

ചെലവ് തുക - 141716/-

ഫണ്ടിനം - വികസനഫണ്ട് (155520),ബ്ലോക്ക് വിഹിതം (141716/-)

ചെക്ക് നം:/തീയതി - 3669462/29.03

2. പ്രോജക്റ്റ് നമ്പർ - SOO181/17

പേര് - ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന വിധവ കർഷകർക്ക് സബ്സിഡി

അടങ്കൽ തുക - 187920/-

ചെലവ് തുക - 87136/-

ഫണ്ടിനം - വികസന ഫണ്ട്(62640/-),ബ്ലോക്ക് വിഹിതം(125280/-)

ചെക്ക് നം:/തീയതി - 3669463/29.03.17

നിർവഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന വനിത കർഷകർക്ക് സബ്സിഡി നൽകുന്നതിനായിട്ടാണ് പ്രോജക്റ്റ് രൂപീകരിച്ചത്. പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റുകൾക്കായി വകയിരുത്തിയ വികസനഫണ്ട് ചെലവഴിച്ചിട്ടില്ല.

2. ബ്ലോക്ക് വിഹിതമിനത്തിൽ ലഭിച്ച 51948/- രൂപ ചെലവഴിച്ചിട്ടില്ല.

(ബാലൻസ് ഷീറ്റ്, B-4പ്രകാരം)

പ്രോജക്റ്റുകൾ പ്രകാരം പിൻവലിച്ച ബ്ലോക്ക് വിഹിതം വിവിധ സഹകരണസംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം. | സഹകരണസംഘം | വനിത കർഷകർക്ക് സബ്സിഡിയായി നൽകിയ തുക | വിധവ കർഷകർക്ക് സബ്സിഡിനൽകിയ തുക |
|---|---|---|---|
| 1 | കുണ്ടമൺകടവ് ക്ഷീരോത്പാദക സഹകരണസംഘം | 5142/- | 6416/- |

| | | | |
|---|---|---|---|
| 2 | കുടവൂർ ക്ഷീരോത്പാദക സഹകരണസംഘം | 23220/- | 16478/- |
| 3 | തൃക്കോവിൽവട്ടം ക്ഷീരോത്പാദക സഹകരണസംഘം | 45436/- | 34870/- |
| 4 | നാവായിക്കുളം ക്ഷീരോത്പാദക സഹകരണസംഘം | 67918/- | 29372/- |

3. പാലിന്റെ അളവിന് ബ്ലോക്ക് വിഹിതം ലിറ്ററൊന്നിന് 1/-രൂപ എന്ന നിരക്കിൽ നൽകുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചത്. ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ഹാജരാക്കിയ പാൽ വിതരണ സ്റ്റേറ്റ്മെന്റും അവർക്ക് നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം. | സഹകരണസംഘം | വിതരണ സ്റ്റേമെന്റ് പ്രകാരമുള്ള പാലിന്റെ സബ്സിഡി. | ബ്ലോക്ക് വിഹിതം നൽകേണ്ടത് | ബ്ലോക്ക് വിഹിതം നൽകിയത് |
|---|---|---|---|---|
| 1 | കുണ്ടമൺകടവ് ക്ഷീരോത്പാദക സഹകരണസംഘം | 5138/-(വനിത) | 5138/- | 5142/- |
| 2 | കുടവൂർ ക്ഷീരോത്പാദക സഹകരണസംഘം | 24081/-(വനിത) | 24081/- | 23220/- |
| 3 | തൃക്കോവിൽവട്ടം ക്ഷീരോത്പാദക സഹകരണസംഘം | 51023/-(വനിത) | 51023/- | 45436/- |

സംഘങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ കാലതാമസം വന്നു. വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം. | സഹകരണസംഘം | സബ്സിഡി സംഘങ്ങളുടെ അക്കൗണ്ടിൽ വരവ് വന്ന തീയതി | ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കുണ്ടമൺകടവ് ക്ഷീരോത്പാദക സഹകരണസംഘം | 05.04.17 | 10.08.17 |
| 2 | കുടവൂർ ക്ഷീരോത്പാദക സഹകരണസംഘം | 31.03.17 | 21.06.17 |
| 3 | തൃക്കോവിൽവട്ടം ക്ഷീരോത്പാദക സഹകരണസംഘം | 31.03.17 | 07.08.17 |

നാവായിക്കുളം ക്ഷീരോത്പാദക സഹകരണസംഘം പാസ്ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മുഴുവൻ സബ്സിഡിയും ലഭിക്കാത്തതിനാലാണ് തുക ഗുണഭോക്താ ക്കൾക്ക് വിതരണം ചെയ്യാൻ കാലതാമസം വന്നതെന്ന് സംഘങ്ങളുടെ സെക്രട്ടറിമാർ വാക്കാൽ അറിയിച്ചു.ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:31/26.09.17)മറുപടി ലഭ്യമാക്കിയിട്ടില്ല.

ഏകീകൃത നിരക്കിൽ സബ്സിഡി നൽകാത്തതിന് വിശദീകരണം ലഭ്യമാക്കേ ണ്ടതാണ്. യഥാസമയം ഫണ്ട് പിൻവലിച്ച് ഗുണഭോക്താക്കൾക്ക് അർഹമായ സബ്സിഡി നൽകാത്തത് നിർവഹണോദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാവാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വിമുക്തി പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിച്ചിട്ടില്ല

പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരായ ബോധ വൽക്കരണ ക്യാമ്പുകളും സാമൂഹ്യ പ്രസക്തിയുള്ള പരിപാടികളും സംഘടിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പ് രൂപം കൊടുത്ത 'വിമുക്തി' പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച 25,000/- രൂപ നാളിതുവരെയും ചെലവഴിച്ചിട്ടില്ല. ലഹരിയുടെ വിപത്തിനെ ചെറുക്കുന്നതിനും അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമുള്ള ഈ പദ്ധതി ഒരു ഉത്തരവാദിത്തമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ.പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. - SO148/17

പ്രോജക്ടിന്റെ പേര് - എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ

അടങ്കൽ - 228800/-

ചെലവ് - 228570/-

ബിൽ നം/തീ - 10184 /28.02.2017

നിർവ്വഹണഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്

പത്താം ക്ലാസ്സിൽ പഠിക്കുന്ന 60 എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് (30 ആൺകുട്ടികൾ + 30 പെൺകുട്ടികൾ) സൈക്കിൾ വാങ്ങി നൽകുന്നതിനായാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിപ്രകാരം സൈക്കിൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ആയതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ദി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സിൽ നിന്നും 228570/- രൂപയ്ക്ക് (ബിൽ നം.2320,21 തീ.21.02.2017) ആകെ 60 സൈക്കിൾ വാങ്ങുകയും ചെയ്തു. എന്നാൽ 59വിദ്യാർത്ഥികൾക്ക് മാത്രമാണ് പദ്ധതിപ്രകാരം സൈക്കിൾ വിതരണം ചെയ്തത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14 ന് നൽകിയ മറുപടിപ്രകാരം അന്തിമഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട എസ്.കെ.വി.എച്ച്.എസ്സിൽ പഠിക്കുന്ന അമ്പിളി എന്നവിദ്യാർത്ഥിനി (ഒമ്പതാം ക്ലാസ്സ്), പ്രസ്തുത സ്കൂൾ മേധാവി നൽകിയ ലിസ്റ്റിൽ ഉൾപ്പെടാത്തതുമൂലമാണ് സൈക്കിൾ അനുവദിക്കാത്തതെന്നും അത് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്കൂളുകളിൽ നിന്നും പത്താം ക്ലാസ്സിൽ പഠിക്കുന്ന 91 എസ്.സി വിഭാഗം വിദ്യാർത്ഥികളുടെ ലിസ്റ്റാണ് സ്കൂൾ മേധാവികൾ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുള്ളത്. എന്നാൽ വിദ്യാർത്ഥികളുടെ യോഗ്യത പരിശോധിക്കാതെ അനർഹയായ വിദ്യാർത്ഥിനിയെ അന്തിമഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയതും അർഹയായ വിദ്യാർത്ഥിനിക്ക് മേൽ ആനുകൂല്യത്തിന് അവസരം നിഷേധിച്ചതും നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ആയതിനാൽ വിതരണം ചെയ്യാത്ത സൈക്കിളിന്റെ വിലയായ 3800/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള സൈക്കിൾ വരും വർഷത്തെ പ്രോജക്റ്റിലുൾപ്പെടുത്തി വിതരണം ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-9 സാന്ത്വന പരിചരണത്തിന് ജനങ്ങളുടെ കൈത്താങ്ങ്. പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം . - SO118/17

പ്രോജക്റ്റിന്റെ പേര് - സാന്ത്വന പരിചരണത്തിന് ജനങ്ങളുടെ കൈത്താങ്ങ്.

അടങ്കൽ - 50000/-

ചെലവ് - 48750/-

ചെക്ക് നം - 394875 തീ.13.12.2016

നിർവ്വഹണഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്.

പൊതുജനങ്ങളിൽ നിന്നും കാൻസർ രോഗികൾക്ക് സഹായം ലഭ്യമാക്കുന്നതിനായി വിവിധ ഓഫീസുകളിൽ കോയിൻ ബോക്സ് സ്ഥാപിക്കുന്നതിനായിട്ടാണ് പ്രസ്തുത പ്രോജക്റ്റ് രൂപീകരിച്ചത്. കോയിൻ ബോക്സ് വാങ്ങാൻ ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ എൻ.എസ്.പ്രിന്റേഴ്സിൽ നിന്നും 650/-രൂപ നിരക്കിൽ 75കോയിൻ ബോക്സുകൾ 48750/- രൂപയ്ക്ക് (ബിൽ നം.532തീ.05.12.2016) വാങ്ങുകയും ചെയ്തു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ 58കോയിൻ ബോക്സുകൾ മാത്രമാണ് നാളിതുവരെയും വിവിധ ഓഫീസുകളിലേക്കായി വിതരണം ചെയ്തത്. വിതരണം ചെയ്ത കോയിൻ ബോക്സുകളിൽ 15എണ്ണത്തിൽ നിന്നും മാത്രമെ നാളിതുവരെയുംതുക ശേഖരിച്ചിട്ടുള്ളൂ.(വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച 19838/- രൂപ അക്കൗണ്ട് നമ്പർ. 17340100070813,ഫെഡറൽ ബാങ്ക് കല്ലമ്പലം ശാഖയിൽ നിക്ഷേപിച്ചിട്ടുണ്ട്). വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | രസീത് നം./ തീ | സ്ഥാപനത്തിന്റെ പേര്/സെന്റർ നം. | ബോക്സ് നം. | ശേഖരിച്ച തുക |
|---|---|---|---|---|
| 1 | 01/10.05.17 | ഗവ.എൽ.പി.എസ്. | 05 | 2343 |
| 2 | 02/10.05.17 | സെന്റർ നം.50 | 52 | 395 |
| 3 | 03/10.05.17 | സെന്റർ നം.43 | 43 | 100 |
| 4 | 04/10.05.17 | സെന്റർ നം.42 | 25 | 400 |
| 5 | 05/10.05.17 | സെന്റർ നം.62 | 57 | 140 |
| 6 | 06/10.05.17 | സെന്റർ നം.63 | 69 | 256 |
| 7 | 07/10.05.17 | സെന്റർ നം.76 | 62 | 100 |
| 8 | 08/10.05.17 | സെന്റർ നം.53 | 34 | 250 |
| 9 | 09/10.05.17 | സെന്റർ നം.64 | 42 | 20 |
| 10 | 10/10.05.17 | എ.കെ.എം.എച്ച്.എസ് | 59 | 237 |
| 11 | 11/10.05.17 | സെന്റർ നം.65 | 56 | 1820 |
| 12 | 12/25.05.17 | എസ്.കെ.വി.എച്ച്.എസ് | 9 | 1244 |
| 13 | 15/25.05.17 | നളന്ദ പബ്ലിക് സ്കൂൾ | 10 | 2193 |
| 14 | 16/25.05.17 | മദർ ഇന്ത്യ സ്കൂൾ | 13 | 5152 |
| 15 | 17/25.05.17 | റോസ് ഡേൽ സ്കൂൾ | 16 | 5188 |
| | | ആകെ | | 19838/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14 ന് ലഭിച്ച മറുപടിപ്രകാരം വിതരണം ചെയ്യാത്ത കോയിൻബോക്സുകൾ നിലവിൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും വിതരണം ചെയ്ത ബോക്സുകളിൽ നിന്നും തുക ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ17 കോയിൻ ബോക്സുകൾ നാളിതുവരെയും വിതരണം ചെയ്യാത്തത് പദ്ധതി നിർവഹണത്തിലെ ഗുരുതര വീഴ്ചയാണ്. ആയതിനാൽ വിതരണം ചെയ്യാത്ത കോയിൻ ബോക്സുകളുടെ

വിലയായ 11050/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്യാത്ത കോയിൻബോക്സുകൾ അടിയന്തിരമായി വിതരണം ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതുമാണ്. വിതരണം ചെയ്ത കോയിൻ ബോക്സുകളിൽ നിന്നും തുക ശേഖരിച്ച് പ്രസ്തുത അക്കൗണ്ടിൽ സൂക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ. അപാകതകൾ

1. പ്രോജക്റ്റ് നമ്പർ - SO031/17

പേര് - പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 600000/-രൂപ(റോഡിതരം)

ചെലവ് തുക - 600000/-രൂപ

ബിൽ നം:/തീയതി - 1/16.11.16

പ്രോജക്റ്റ് പ്രകാരം 600000/-രൂപ ചെലവഴിച്ച് ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1). ജി.ഒ.(എം.എസ്)4/2016 ത.സ്വ.ഭ.വ 11.01.2016 പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നാണ് വാങ്ങേണ്ടത്. രേഖകൾ പ്രകാരവും ഓഡിറ്റ് അന്വേഷണക്കുറിപ്പ് 26 ന് നൽകിയ മറുപടിയിലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയ ഇന്റന്റിൽ മരുന്നുകൾ പ്രസ്തുത സ്ഥാപനത്തിൽ ലഭ്യമല്ലായെന്ന വിവരമാണ് സൂചിപ്പിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

2). സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 26 ന് നൽകിയ മറുപടിയിൽ പറയുന്നുണ്ടെങ്കിലും മരുന്നുകൾ ലഭിച്ച ബിൽ നമ്പരും തുകയും രേഖപ്പെടുത്തിയ രജിസ്റ്ററാണ് ഓഡിറ്റിന് മുമ്പാകെ ഹാജരാക്കിയത്. മരുന്നുകൾ സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്റ്റ് നമ്പർ - SO014/17

പേര് - സാന്ത്വനം പരിചരണ പരിപാടി

അടങ്കൽ തുക - 1500000/-രൂപ(വി.ഫ.ജനറൽ)

ചെലവ് തുക - 1440340/-രൂപ

ബിൽ നം:/തീയതി - 02/22.11.16

03/31.01.17

07/31.03.17

08/31.03.17

പ്രോജക്റ്റ് പ്രകാരം 1323552/-രൂപയ്ക്ക് ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്.

പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ.(എം.എസ്)4/2016 ത.സ്വ.ഭ.വ 11.01.2016 പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നാണ് വാങ്ങേണ്ടത്. രേഖകൾ പ്രകാരവും ഓഡിറ്റ് അന്വേഷണക്കുറിപ്പ്

26 ന് നൽകിയ മറുപടിയിലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയ ഇൻഡന്റിൽ മരുന്നുകൾ പ്രസ്തുത സ്ഥാപനത്തിൽ ലഭ്യമല്ലായെന്ന വിവരമാണ് സൂചിപ്പിക്കുന്നത്.പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

3. പ്രോജക്ട് നമ്പർ - SO030/17

പേര് - ലാബ്ടെക്നീഷ്യന് ഓണറേറിയവും

കെമിക്കൽസും

അടങ്കൽ തുക - 150000/-രൂപ (തനത് ഫണ്ട്

ചെലവ് തുക - 127094/-രൂ

ചെക്ക് നം:/തീയതി - 1586151/09.11.2016(62427/-)

1586162/07.02.2017(30255/-)

1586177/30.03.2017(1100/-)

1586174/27.03.17(9100/-)

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ.(എം.എസ്)4/2016 ത.സ്വ.ഭ.വ 11.01.2016 പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നാണ് വാങ്ങേണ്ടത്. എന്നാൽ ഫയലുകൾ പരിശോധിച്ചതിലും ഓഡിറ്റ് അന്വേഷണക്കുറിപ്പ് 26 ന് നൽകിയ മറുപടിയിലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയ ഇൻഡന്റിൽ മരുന്നുകൾ പ്രസ്തുത സ്ഥാപനത്തിൽ ലഭ്യമല്ലായെന്ന വിവരമാണ് സൂചിപ്പിക്കുന്നത്.പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-11 സാന്ത്വന പരിചരണം മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ജി.ഒ (ആർ.റ്റി) 3217/2015 ത.സ്വ.ഭ.വ 29.10.2015 - പാലിയേറ്റീവ് മാർഗരേഖ ഖ. 2.4-2.4.2 ൽ നിഷ്കർഷിക്കും പ്രകാരം തൻവർഷം പി.ഐ.സി.രൂപീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 26 ന് നൽകിയ മറുപടിയൽ വ്യക്തമാക്കുന്നു. ജി.ഒ (ആർ.റ്റി) 3217/2015 ത.സ്വ.ഭ.വ 29.10.2015 - പാലിയേറ്റീവ് മാർഗരേഖ ഖ. 2.3-2.3.2 ൽ നിഷ്കർഷിക്കും പ്രകാരം തൻവർഷം പി.എം.സി.പുനർ രൂപീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 26 ന് നൽകിയ മറുപടിയിൽ വ്യക്തമാക്കുന്നു.സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതിപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ഹോമിയോആശുപത്രിക്ക് മരുന്നു വാങ്ങൽ.160665/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.28/16-17

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് 18.11.2016 ൽ ഡി.ഡി.നം.586503 പ്രകാരം 200000/- രൂപ കേരളാ സ്റ്റേറ്റ് ഹോമിയോ കോർപ്പറേഷന് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയും മരുന്ന് പൂർണ്ണമായും സപ്ലൈ ചെയ്ത് കാണുന്നില്ല. മേൽ പറഞ്ഞ സ്ഥാപനത്തിന്റെ ഇൻ വോയ്സ് നം.എൽ.എഫ്.1458.തീ.31.03.2017 പ്രകാരം 39335/- രൂപയുള്ള മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളു. മരുന്ന് നാളിതുവരെയും ലഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.28/26.09.2017) /യ്ക്കുള്ള മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി

അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ.3570/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവഹണം നടത്തിയ ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ പദ്ധതി-3570/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഔഷധിക്ക് നൽകിയ തുക | ബിൽ നം. | ലഭിച്ച മരുന്നിന്റെ മൂല്യം | ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|---|---|
| 1 | 29/16-17 | ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ | 700000/-<br>(റോഡിതരം) | 1/16-17 തീ.25.11.2016 | 696430/-<br>(ബിൽനം.1331/S/ 16-17 തീ.29.11.16<br>(ബിൽനം.1973/S /16-17 തീ.28.02.17 | 3570/- |

ഇന്ദുകാന്തഘൃതം - 200ml -30 nos@Rs.104 ആകെ-3120/-

അന്നഭേദി സിന്ദൂരം - 5g-30 bottle@Rs.15 ആകെ-450/-

മരുന്ന് നാളിതുവരെയും ലഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.19/25.09.2017) /യ്ക്കുള്ള മറുപടിയിൽ കത്ത് മുഖാന്തിരം മരുന്ന് വിതരണം ചെയ്യുന്ന ഏജൻസിയായ ഔഷധിയുമായി ബന്ധപ്പെടുന്നുവെന്ന് പറയുന്നതല്ലാതെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 3570/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കേണ്ടത് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

| രജി. നം | വൗച്ചർ നം,തീയതി | തുക |
|---|---|---|
| KL 16 P 3625 | 42/10.06.16 | 21072/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17 ന് നൽകിയ മറുപടിയിൽ വരും വർഷങ്ങളിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിമാത്രം ഇൻഷ്വറൻസ് പുതുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| CDPO | 16-17 | 125000 | 17/17-സ്കോളർഷിപ്പ് | 125000 | _ |
| ബ്ലോക്ക് ക്ഷീര വികസന ഓഫീസർ | 16-17 | 280800 | കർഷക സബ്സിഡി | 228852 | 51948 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽതാഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. കല്ലമ്പലം | വൈദ്യുത ലൈൻ നീട്ടൽ | - | - | 104130 | - | - |
| കെ.ഡബ്ള്യൂ. എ ആറ്റിങ്ങൽ | പൈപ്പ് ലൈൻ നീട്ടൽ | - | - | 1338236 | - | - |
| കെ.എസ്.ഇ.ബി. | സമ്പൂർണ്ണ വൈദ്യുതീകരണം | - | - | 342203 | - | - |
| കെ.എസ്.ഇ.ബി. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | - | - | 236011 | - | - |

ഇനിയും പൂർത്തിയാകുവാനുള്ള പദ്ധതികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ് ലോൺ | 8/2010/lsg dt 20.1.2010 | 23800500 | 7874775 | 3382863 | | 4491912 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം : 345022

തൻവർഷം നിക്ഷേപിച്ച തുക : ഇല്ല

ആകെ : 345072

തന്നാണ്ടിൽ വിൻവലിച്ച തുക : -

വർഷാവസാനം അവസാനിക്കുന്ന സ്ഥിര നിക്ഷേപം : 345072

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2009-10 | 2-2 | 1400 | റ്റി.മുരളീധരൻനായർ, സീ.ക്ലർക്ക് | 11603101933 തീ.25.06.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,24,08,042/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,26,41,154/- |
| വരവിനങ്ങളിലുള്ള നഷ്ടം | 1,98,222/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,35,955/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,92,734/- |

*ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1,98,222/- | - | ശ്രീമതി. ഷീജ മോൾ, സെക്രട്ടറി |
| 3-1 | - | 35,955/- | ശ്രീ .എസ്സ് .ബാലാനന്ദൻ, അസി. സെക്രട്ടറി |
| 3-2 | - | 2,00,000/- | ശ്രീ എസ്സ് .ബാലാനന്ദൻ അസി. സെക്രട്ടറി |
| | 1,98,222/- | 2,35,955/- | |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 31960/- | ശ്രീ എസ്സ് .ബാലാനന്ദൻ, അസി. സെക്രട്ടറി |
| 3-3 | 842174/- | ശ്രീ.സുദർശൻ.റ്റി, സെക്രട്ടറി |
| 3-8 | 3800/- | ശ്രീ ഇല്ല്യാസ് എ,ഹെഡ്മാസ്റ്റർ |
| 3-9 | 11050/- | ശ്രീ ഇല്ല്യാസ് എ,ഹെഡ്മാസ്റ്റർ |
| 3-10 | 600000/- | ഡോ. ഫസീല, എം.ഒ (പി.എച്ച്.സി) |

| | | |
|---|---|---|
| 3-13 | 3750/- | ഡോ. സലീന, എം.ഒ(ആയുർവേദം) |
| | 14,92,734/- | |

സി) *കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല.

ഡി) *നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

ഇ) *റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി. ഷീജ മോൾ, സെക്രട്ടറി | ഷീജാ ഭവൻ, നാവായിക്കുളം,<br>നാവായിക്കുളം പി.ഒ |
| ശ്രീ .എസ്സ് .ബാലാനന്ദൻ,<br>അസി. സെക്രട്ടറി | ശിവകൃപ, മാമം, കിഴുവിലം പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1153/03തീയതി : 23-07-14 | 8 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.11/617/04തീയതി: 23-07-14 | 9 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.11/134/06തീയതി : 23-07-14 | 9 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.11/974/07തീയതി : 23-07-14 | 9 | |
| 2004-05 | എൽ.എഫ്.റ്റി.ജി.ജി.പി.11/476/08തീയതി: 23-07-14 | 8 | |
| 2005-06 | എൽ.എഫ്.റ്റി.ജി.ജി.പി.11/475/08തീയതി: 23-07-14 | 10 | |
| 2006-07 | എൽ.എഫ്.റ്റി.ജി.ജി.പി.9/1153/08 തീയതി-12-08-13 | 12 | |
| 2007-08 | എൽ.എഫ്.റ്റി.ജി.ജി.പി.9/1878/13തീയതി: 18-01-14 &<br>എൽ.എഫ്.റ്റി.ജി.ജി.പി.9 (എ)/1016 /11തീയതി : 16.7.11 1 | 15 | |
| 2008-09 | എൽ.എഫ്.റ്റി.ജി.ജി.പി.9/826/12തീയതി: 24-08-12 &എൽ.എഫ്.റ്റി.ജി.ജി.പി.9 /704/11തീയതി: 09-06-11 | 9 | |
| 2009-10 | എൽ.എഫ്.റ്റി.ജി.ജി.പി.9/338/12തീയതി: 11-08-14 &15-07-13 | 13 | |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.റ്റി.ജി.ജി.പി.9/103/14തീയതി: 11-02-14 & 15-07-13 | 11 | |
| 2011-12 | എൽ.എഫ്.റ്റി.ജി.ജി.പി.9/891/15തീയതി: 09-10-15 | 7 | |
| 2012-13 | എൽ.എഫ്.റ്റി.ജി.ജി.പി.9/534/14തീയതി: 14-01-15 | 8 | |
| 2013-14 | എൽ.എഫ്.റ്റി.ജി.ജി.പി.9/534/14തീയതി: 14-01-15 | 8 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/ 1352/15 തീയതി : 19-10-15 | 21 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/ 2067/16 തീയതി : 02-12-2016 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ
ഒപ്പ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12 ലെ നമ്പർ- 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകളുടെ സംഗ്രഹം

1) സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള വരവിനങ്ങളെ സംബന്ധിച്ച രജിസ്റ്ററുകളിലെ ഡിസിബി തുകകൾ ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

ഉദാ:തൊഴിൽ നികുതി (സ്ഥാപനങ്ങൾ )

| | ഡിമാന്റ് | വരവ് | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 305080 | 271080 | 34000 |
| AFS പ്രകാരം | 305080 | 308790 | 20300 |

എല്ലാ വരവിനങ്ങളിലെയും ഡിസിബി കൃത്യമായി കണക്കാക്കിയിട്ടില്ല.

2) സ്ഥാപനത്തിലെ രേഖകൾ പ്രകാരം ഇ.എം.എസ് ലോൺ തിരിച്ചടവ് തൻവർഷം 3382863/- ആണ്. ധനകാര്യ പത്രിക പ്രകാരം ടി തുക 2503525/-ആണ്.

3) 2015-16ലെ ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ നീക്കിയിരുപ്പ് 414747228/-ആണ് . എന്നാൽ തൻ വർഷത്തെ ധനകാര്യ പത്രികയിലെ മുന്നിരിപ്പ് 78383678/-ആണ് .

4) ആസ്തി/സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

5) RP-47 പ്രകാരം 1222382/- ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ വിവിധ പ്രവർത്തികർക്കായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ B-8 പ്രകാരം ഡെപോസിറ്റ് വർക്കുകളൊന്നുമില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് .

6) B-4 ഷെഡ്യൂൾ പ്രകാരം ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 62995/- ശേഷിക്കുന്നു. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾ പരിശോധിച്ചതിൽ ഇത്തരത്തിലൊരു തുക നീക്കിയിരിപ്പില്ല.

ഡെപ്യൂട്ടി ഡയറക്ടർ

ഒപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്